# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 855 12.12.2012 ൽ മറുപടിയ്ക്ക്

## കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

ചോദ്യം : ശ്രീ. എം.എ.ബേബി

ഉത്തരം : ശ്രീ.പി.ജെ.ജോസഫ്
ജലവിഭവ വകുപ്പ് മന്ത്രി

| ചോദ്യം | ഉത്തരം |
|---|---|
| എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | എ) ഉണ്ട്. 2000-ാം ആണ്ടിൽ ചമ്രവട്ടം റെഗുലേറ്ററിന്റെ നിർമ്മാണപ്രവർത്തനം നടപ്പിലാക്കാൻ വേണ്ടി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകൃതമായ ചമ്രവട്ടം റെഗുലേറ്റർ അതോറിറ്റി എന്ന് നാമകരണം ചെയ്യപ്പെട്ടിരുന്ന കമ്പനി 2001-ൽ കമ്പനി നിയമാവലി പ്രകാരം നിർദ്ദേശിച്ചിട്ടുള്ള എല്ലാ പ്രവർത്തികളും ഏറ്റെടുക്കുന്നതിനുവേണ്ടി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന പുതിയ പേരിലേയ്ക്ക് പുനർനാമകരണം ചെയ്യപ്പെട്ടു. പ്രസ്തുത കമ്പനി 2006- ാം ആണ്ട് വരെ ചമ്രവട്ടം പദ്ധതിയുടെ നടത്തിപ്പിനായി ശ്രമിക്കുകയും എന്നാൽ ധനലഭ്യതയുടെ അഭാവം മൂലം നടപ്പിലാക്കാൻ കഴിയാതെ വരുകയും ജലസേചന വകുപ്പ് 2006-2007 കാലഘട്ടത്തിൽ ചമ്രവട്ടം പദ്ധതി നേരിട്ടേറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തു.<br><br>2006-നു ശേഷം ഡയറക്ടർ ബോർഡ് നിലവിലില്ലാത്തതിനാൽ ഈ കമ്പനി പ്രവർത്തനരഹിതമാകുകയും ഈ സർക്കാർ വന്നതിനു ശേഷം 2012 മെയ് മാസത്തിൽ ഡയറക്ടർ ബോർഡിൽ പത്തംഗങ്ങളെ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുകയും ചെയ്തു. ഇങ്ങനെ പുനഃസംഘടിപ്പിച്ച ഡയറക്ടർ ബോർഡ് ഇതിനകം തന്നെ മൂന്നു പ്രാവശ്യം കൂടുകയും |

ബോർഡിന്റെ വ്യക്തമായ ഉത്തരവുകൾക്ക് ബാധകമായി കമ്പനി തുടർനടപടികൾ സ്വീകരിച്ച് നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

ബി) കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് പുതുതായി ഏറ്റെടുത്തിട്ടുള്ളത് ; പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ ?

ബി)

1) ടൂറിസം വകുപ്പുമായി ചേർന്ന് ജലസേചന വകുപ്പിന്റെ കീഴിലുള്ള പദ്ധതി പ്രദേശങ്ങളിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ എറണാകുളം ജില്ലയിലെ മുസിരിസ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തികൾ നടന്നുവരുന്നു. കാരാപ്പുഴ ജലസേചന പദ്ധതിയുടെ പദ്ധതി പ്രദേശത്ത് ഒരു ടൂറിസം മാസ്റ്റർപ്ലാൻ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആലപ്പുഴ ജില്ലയിലെ ടൂറിസം മാസ്റ്റർപ്ലാൻ ഏറ്റെടുത്ത് നടപ്പിലാക്കുക, പെരിയാർവാലി പദ്ധതിയുടെ പദ്ധതി പ്രദേശത്ത് ടൂറിസം പദ്ധതി തയ്യാറാക്കുക, ചാലക്കുടി ഡൈവേർഷൻ സ്കീമിന്റെ പദ്ധതി പ്രദേശമായ തുമ്പൂർമൊഴി ടൂറിസം പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുക എന്നിവ പ്രാരംഭ ദിശയിലാണ്.

2) സർക്കാർ പോളിസിക്കനുസൃതമായി ഇടുക്കി ജില്ലയിൽ തൊടുപുഴയ്ക്കടുത്ത് മലങ്കര ഡാമിന്റെ സമീപം മലങ്കര ഡാമിൽ ലഭ്യമായ ജലം ഉപയോഗിച്ച് മണിക്കൂറിൽ ഒരു ലിറ്ററിന്റെ ഏഴായിരത്തി അഞ്ഞൂറ് ബോട്ടിൽ വരെയുള്ള ശുദ്ധീകരിച്ച് കുപ്പിയിലാക്കിയ ജലം വിപണിയിൽ നിലവിലുള്ള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് വേണ്ടി ഒരു നിർമ്മാണശാല ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടപ്പിലാക്കി വരുന്നു.

3) ജലസേചന വകുപ്പിന്റെ കീഴിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കൊണ്ട് വൈദ്യുതി

ദൗർലഭ്യം മൂലം വലയുന്ന കേരള സംസ്ഥാനത്തിന് ആശ്വാസ മേകാനും ലഭ്യമായ പാരമ്പര്യേതര സ്രോതസ്സു കളായ കാറ്റ്, സൗരോർജ്ജം എന്നിവ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പി ക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

4) ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായ ത്തിലെ ജലസേചന സൗകര്യങ്ങൾ വാട്ടർഷെഡ് മാനേജ്മെന്റ് വഴി മെച്ചപ്പെടുത്താൻ വേണ്ട പഠനങ്ങൾ നടത്താനും ഇങ്ങനെ നടത്തുന്ന പഠനങ്ങളുടെ വെളിച്ചത്തിൽ ലഭിക്കുന്ന വിവരങ്ങൾക്കനുസൃതമായി വാട്ടർ മാനേജ്മെന്റ് നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ